# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3264 25/06/2012 ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 2011-12 സാമ്പത്തിക വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളും പി.എസ്.സി.-യെ അറിയിക്കുവാൻ വകുപ്പ് മേധാവികൾക്ക് എന്നാണ് നിർദ്ദേശം നൽകിയത്; വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) പ്രസ്തുത നിർദ്ദേശം നല്കിയത് 18.6.2011-നും, 3.8.2011-നും ആണ്. സൂപ്പർന്യൂമററി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം റിപ്പോർട്ട് ചെയ്യണം എന്ന നിർദ്ദേശം ഏറ്റവും ഒടുവിലായി നൽകിയത് 27.12.2011-ലാണ്. പ്രസ്തുത സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതുപ്രകാരം വയനാട് ജില്ലയിൽ എത്ര തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്നും ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തുവെന്നും വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ? | (ബി) 2011-2012 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത 34 സൂപ്പർന്യൂമററി ഒഴിവുകളുടെ തസ്തിക തിരിച്ച് കണക്ക് ചുവടെ ചേർക്കുന്നു. |

| Sl. No. | post | Department | No. of vacancies |
|---|---|---|---|
| 1 | LDC | Various Dept. | 15 |
| 2 | Pharmacist Gr.II | Health Service Dept. | 8 |
| 3 | LGS | Various Dept. | 7 |
| 4 | Driver Gr. II | - | 1 |
| 5 | Work Superintendent | Agriculture(Soil Conservation) Dept. | 2 |
| 6 | CA Gr. II | - | 1 |
| | | **Total** | **34** |

സെക്ഷൻ ഓഫീസർ

3264

അനുബന്ധം

# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 9222/ഉപ.സി.3/2011/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2011 ജൂൺ 18.*

വിഷയം:—ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന:— 4-6-2011-ലെ ചീഫ് സെക്രട്ടറിയുടെ 3544(7)/വി.ഐ.പി./11/ സി.എസ്.ഒ. നമ്പർ കുറിപ്പ്.

നടപ്പു സാമ്പത്തിക വർഷത്തിൽ 31-3-2012 വരെ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും, 31-3-2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ, രണ്ടാഴ്ചയ്ക്കകം നിർബന്ധമായും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത് ആയതിന്റെ പകർപ്പ് സർക്കാരിലേക്ക് (സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്) അയയ്ക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. കൂടാതെ ഒഴിവുള്ള തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കേണ്ടത്. പ്രത്യേക തസ്തികയിലെ റാങ്ക് ലിസ്റ്റ് അവസാനിക്കുന്ന തീയതി അറിയാൻ നിയമനാധി കാരികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെടേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ടി. ജെ. മാത്യു,
*സെക്രട്ടറി.*

GCPT. 3/3764/2011/DTP.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.

അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും..

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

3264

കേരള സർക്കാർ

# ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

നമ്പർ 13027/ഉപ.സി3/2011/ഉ.ഭ.പ.വ. *തീയതി, തിരുവനന്തപുരം, 2011 ആഗസ്റ്റ് 3.*

## സർക്കുലർ

*വിഷയം:*—പെൻഷൻ പ്രായം ഏകീകരിച്ചതിനോടനുബന്ധിച്ച് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

*സൂചന:*—(1) 24-4-2009-ലെ സ. ഉ. (അ) 154/09/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) 4-7-2009-ലെ സ. ഉ. (അ) 262/09/ധന. നമ്പർ സർക്കാർ ഉത്തരവ്.

(3) 12-10-2010-ലെ 8040/ഉപ.സി3/2010/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(4) 18-6-2011-ലെ 9222/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

24-4-2009-ലെ സ.ഉ.(അ) 154/09/ധന. നമ്പർ ഉത്തരവിലൂടെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ തീയതി മാർച്ച് മാസം 31-ാം തീയതി ആയി ഏകീകരിച്ചുകൊണ്ടും മാർച്ച് 31 വരെയുള്ള സേവനകാലം എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കുമെന്നും ഉത്തരവായിരുന്നു.

2. ഇതിനെ തുടർന്ന് പ്രവേശന തസ്തികയിൽ നിയമന തടസ്സം ഒഴിവാക്കാൻ വേണ്ടി, പെൻഷൻ തീയതി ഏകീകരിച്ചില്ലായിരുന്നുവെങ്കിൽ ഫെബ്രുവരി 28 വരെ ഉണ്ടാകുമായിരുന്ന പെൻഷൻ ഒഴിവുകൾക്ക് പകരമായി ബന്ധപ്പെട്ട തസ്തികയുടെ പ്രവേശന തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാനും മാർച്ച് മാസം 31-ാം തീയതി ഉണ്ടാകുന്ന പെൻഷൻ ഒഴിവുകളിൽ മേൽപ്പറഞ്ഞ സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കാനും സൂചന (2) പ്രകാരം വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

[മറുപുറം

3. സൂചന (3)-ലെ സർക്കുലർ പ്രകാരം 2010-2011 സാമ്പത്തിക വർഷത്തിൽ പ്രവേശന തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സൂചന (4)-ലെ സർക്കുലർ പ്രകാരം വകുപ്പ് മേധാവികൾ നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരികയാണ്. എങ്കിലും പ്രവേശന തസ്തികകളിലെ ഈ പ്രതീക്ഷിത ഒഴിവുകൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

4. ഈ സാഹചര്യത്തിൽ മുൻവർഷത്തേതുപോലെ 2011-2012 സാമ്പത്തിക വർഷത്തിലും പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട്, പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി ഓരോ മാസവും എൻട്രി കേഡറിൽ ഉണ്ടാകുമായിരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ടു ചെയ്ത് വിവരം ധനകാര്യ (ജി. എം. സി.) വകുപ്പിനേയും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനേയും അറിയിക്കുവാൻ എല്ലാ വകുപ്പു മേധാവികൾക്കും, നിയമനാധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതുകൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റം, ആശ്രിത നിയമനം, സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്യുന്ന മറ്റു വിധത്തിലുള്ള (ബൈട്രാൻസ്ഫർ, പ്രൊമോഷൻ മുതലായവ) നിയമനങ്ങൾക്ക് നിശ്ചിത ശതമാനം ഒഴിവ് നീക്കിവച്ചശേഷമാണ് ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടത് എന്നും നിർദ്ദേശിക്കുന്നു.

**റ്റി. ജെ. മാത്യു,**
*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പു തലവൻമാർക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും, ധനകാര്യ (ജി.എം.സി.) വകുപ്പിനും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

3264

# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 18676/ഉപ.സി.3/2011/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2011 ഡിസംബർ 27.*

വിഷയം:—ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് ത്വരിതപ്പെടുത്തുന്നത്—സംബന്ധിച്ച്.

സൂചന:— (1) 18-6-2011-ലെ 9222/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(2) 3-8-2011-ലെ 13027/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(3) 17-8-2011-ലെ 13027/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(4) 16-9-2011-ലെ 14373/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(5) 21-10-2011-ലെ 18132/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(6) 22-11-2011-ലെ 20964/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണത്തെ തുടർന്ന് നടപ്പുസാമ്പത്തിക വർഷം 31-3-2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന സൂചന (1)-ലെ സർക്കുലർ പ്രകാരം എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് മേൽ സൂചിപ്പിച്ച പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും സൂചന (2)-ലെ സർക്കുലർ പ്രകാരം നിർദ്ദേശവും നൽകിയിരുന്നു.

(2) സൂചന (3)-ലെ സർക്കുലർ പ്രകാരം ഓരോ വകുപ്പും 2011 ഏപ്രിൽ ഒന്നു മുതൽ 2012 മാർച്ച് 31 വരെ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അപ്രകാരമുള്ള ഒഴിവുകൾ നിലവിലുള്ള നിർദ്ദേശപ്രകാരം സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾ നികത്താൻ വേണ്ടിയുള്ളതാണെന്ന കാര്യം കൂടി വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സൂചന (4)-ലെ സർക്കുലർ പ്രകാരം ഇനിയും പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം റിപ്പോർട്ട് ചെയ്യണമെന്നും, സൂചന (5)-ലെ സർക്കുലർ പ്രകാരം ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകളും സൂപ്പർ ന്യൂമററി ഒഴിവുകളും ഉൾപ്പെടെ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തുവാനും പ്രൊഫോർമയിലെ എല്ലാ കോളങ്ങളും കൃത്യതയോടെ

പുരിപ്പിക്കുവാനും എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. സൂചന (6)-ലെ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിലെ ഒഴിവുകളും ഇനിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

(3) എന്നാൽ മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചശേഷവും ചില നിയമനാധികാരികൾ ഒഴിവുകൾ ഇപ്പോഴും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ യഥാസമയം അറിയിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിലെ ഒഴിവുകളും ഇനിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയുംവേഗം കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നതോടൊപ്പം സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

റ്റി. ജെ. മാത്യു,
*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.

അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തുസഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്തുസഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും (വിപുലമായ പ്രചരണത്തിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---